ഈ തണലിൽ ഇത്തിരി നേരം

മനസ്സിനും ശരീരത്തിനും ഉണർവേകാൻ അവധി ദിവസങ്ങൾ ഇവിടെ ചെലവിടാം

അതിഥികളിലൊരാൾ ഐസക്കിനോട് പറഞ്ഞു, ''കൊച്ചിലേ കേട്ടതിൽപിന്നെ ഇന്നലെയാണ് ചീവിടിന്റെ കരച്ചിൽ കേൾക്കുന്നത്. ഞാനെന്റെ കുട്ടിക്കാലം ഓർത്തുപോയി.'' കോട്ടയത്ത് വാഴൂരിനടുത്ത് ഉള്ളായത്തുള്ള 'ടീക് ഗ്രോവ് കൺട്രി ഹൗസ്' ഗൃഹാതുരമായ പല ഓർമകളും തിരിച്ചുനൽകുക മാത്രമല്ല, തിരക്കിട്ട നഗര ജീവിതത്തിനിടയിൽ ശാന്തമായ കുറച്ചു നിമിഷങ്ങൾ കൂടി പ്രദാനം ചെയ്യുന്നു. തേക്കടിയിൽനിന്ന് കുമരകത്തേക്കു പോകുംവഴി, കെ.കെ. റോഡിൽനിന്ന് ഏതാനും കിലോമീറ്ററുകൾ അകലെയാണ് ഈ അവധിക്കാല വസതി.

ഡോ.ബേബി ഐപ്പിന്റെ നൂറു വർഷത്തോളം പഴക്കമുള്ള

Project Facts

Architect:
നീന കോര ജേക്കബ്
സുവർണരേഖ ഡിസൈൻ കൺസൽട്ടന്റ്സ്, കോട്ടയം
archnkj@yahoo.com

Location:
ഉള്ളായം, കോട്ടയം.

Year of completion:
ഓഗസ്റ്റ്, 2017

പ്രധാന റോഡിൽനിന്ന് മുകളിലായി 13 ഏക്കറിലാണ് കൊളോണിയൽ ശൈലിയിലുള്ള ഈ എസ്റ്റേറ്റ് ബംഗ്ലാവ് സ്ഥിതി ചെയ്യുന്നത്.

പശുത്തൊഴുത്ത് ഹണിമൂൺ കോട്ടേജ് ആയി (താഴെ).

തറവാടാണ് ഹോംസ്റ്റേ ആയി മാറ്റിയിരിക്കുന്നത്. ബേബിയും ഭാര്യ ശാന്തിയും ചേർന്ന് തുടങ്ങിയ ഹോംസ്റ്റേ ഇടയ്ക്ക് രണ്ടുപേരുടെയും ഔദ്യോഗിക തിരക്കുകൾ മൂലം നിർത്തേണ്ടി വന്നു. ഇപ്പോൾ ഇളയ മകൻ ഐസക്കും ഭാര്യ അർച്ചനയുമാണ് രണ്ടുഘട്ടങ്ങളായുള്ള പുതുക്കലുകൾക്ക് വിധേയമായ ഹോംസ്റ്റേയുടെ നടത്തിപ്പുകാർ.

ഹോംസ്റ്റേയിലേക്കുള്ള മാറ്റം

ആർക്കിടെക്ട് നീന കോര ജേക്കബാണ് 13 ഏക്കറിൽ സ്ഥിതി ചെയ്യുന്ന തറവാടിനെ ഹോംസ്റ്റേ ആക്കിമാറ്റിയത്. പ്രധാന റോഡിൽനിന്ന് മുകളിലായാണ് കൊളോണിയൽ ശൈലിയിലുള്ള ഈ എസ്റ്റേറ്റ് ബംഗ്ലാവ് സ്ഥിതി ചെയ്യുന്നത്.

സ്ട്രക്ചറിൽ കഴിവതും വലിയ മാറ്റങ്ങളൊന്നും വരുത്താതെ പഴയ വീടിനെ അതേപടി നിലനിർത്തിയിരിക്കുകയാണ്. ഒന്നുരണ്ട് ഭിത്തികൾ പൊളിച്ച് ചില മുറികൾ വലുതാക്കി, തുറന്ന നടുമുറ്റത്തിന് മേൽക്കൂര നൽകി, നടുമുറ്റത്ത് പെബിൾസ് ഇട്ടു, വരാന്ത അടച്ച് റിസപ്ഷൻ ആക്കി, മേൽക്കൂരയിൽ പുതിയ ഓട് ഇട്ടു...അങ്ങനെ ചില

പിറകിലെ വരാന്ത (മുകളിൽ). സിമിങ് പൂൾ (താഴെ).

പുതുക്കലുകൾ മാത്രം. മാറ്റങ്ങൾ തിരിച്ചറിയുക പോലും ചെയ്യാത്തവിധം വീടുമായി ഇഴചേർന്നിരിക്കുന്നു.

വയറിങ്ങും പ്ലമിങ്ങും പുതിയതായി ചെയ്തു. ഫർണിച്ചറെല്ലാം പഴയതാണ്. പഴയ പത്തായമാണ് റിസപ്ഷൻ കൗണ്ടർ ആയി മാറിയത്. ബേബി ഹോങ്കോങ്ങിൽ ജോലി ചെയ്തിരുന്ന കാലത്ത് അവിടെനിന്ന് കൊണ്ടുവന്ന ഫർണിച്ചറും ഇന്റീരിയറിന്റെ പ്രൗഢികൂട്ടുന്നു. അഞ്ച് അറ്റാച്ച്ഡ് എയർ കണ്ടീഷൻഡ് കിടപ്പുമുറികളാണുള്ളത്. കൂടാതെ രണ്ട് കോട്ടേജുകളും. ഒരു കിടപ്പുമുറിയിൽ തടികൊണ്ടുള്ള തറയാണ്. പശുത്തൊഴുത്തും വിറകുപുരയുമാണ് രണ്ട് കോട്ടേജുകളായി രൂപാന്തരം പ്രാപിച്ചത്. ഇത് ഒരു വെല്ലുവിളിയായിരുന്നു

കൊതിയൂറും ഭക്ഷണം

ഇന്ത്യൻ, തന്തൂർ, കോണ്ടിനെന്റൽ, ചൈനീസ് എന്നിങ്ങനെ ഏതുതരം ഭക്ഷണവും ഇവിടെ ആസ്വദിക്കാം. ലണ്ടൻ ഉൾപ്പെടെയുള്ള രാജ്യങ്ങളിൽ നിന്ന് ഹോട്ടൽ രംഗത്ത് പ്രവൃത്തി പരിചയം നേടിയ ഐസക്കിന്റെ കൈപ്പുണ്യവും അതിഥികൾക്കിടയിൽ സംസാരവിഷയമാണ്.

റിസപ്ഷൻ ഏരിയ.

വെന്ന് ആർക്കിടെക്ട് നീന ഓർക്കുന്നു. അതിൽ ഒന്ന്, മുറിയിൽതന്നെ പൂൾ ഉള്ള ഹണിമൂൺ കോട്ടേജ് ആയി ഡിസൈൻ ചെയ്തു. ജിഞ്ചർ, പെപ്പർ, ടാമറിൻഡ് എന്നിങ്ങനെ സുഗന്ധവ്യഞ്ജനങ്ങളുടെ പേരാണ് മുറികൾക്ക് നൽകിയത്.

തടിയിൽ സെറാമിക് കഷണങ്ങൾകൊണ്ടാണ് ഈ പേരുകൾ കൊത്തിയിരിക്കുന്നത്. ശാന്തിയുടെ പക്കലുണ്ടായിരുന്ന പൊട്ടിയ സെറാമിക് കഷണങ്ങൾ ഉപയോഗിച്ച് സഹപ്രവർത്തകയായിരുന്ന അനുപ ഷാജി നിർമിച്ചുനൽകിയതാണ് ഇത്. യോഗ/മസാജ് സെന്ററും ഉടൻ പ്രവർത്തനമാരംഭിക്കും.

പുറത്തു പുതിയതായി പണിത സ്വിമിങ് പൂളിൽ നീന്തിത്തിമിർക്കാം. അതിനോടു ചേർന്ന് കുട്ടികൾക്കായുള്ള കളിസ്ഥലമുണ്ട്. പൂളിനരികിലെ ഔട്ട്ഡോർ കോമൺ ഏരിയയ്ക്കു താഴെ മഴവെള്ള സംഭരണിയാണ്. കോമൺ ഏരിയ ആവശ്യാനുസരണം ഔട്ട്ഡോർ സ്റ്റേജ് ആയും ഉപയോഗിക്കാം.

ഇന്റീരിയറിലും കൊളോണിയൽ ശൈലി കൈവിട്ടിട്ടില്ല. വീട്ടുകാർ യാത്രകളിൽ ശേഖരിച്ച, പല രാജ്യങ്ങളിൽനിന്നുള്ള കൗതുകവസ്തുക്കളാണ് അകത്തളത്തിന്റെ ഭംഗിക്കു പിന്നിൽ. ഊണുമുറിയിലെ നീല പോട്ടറി ശേഖരവും ഉയരത്തിലുള്ള തടി മച്ചുമെല്ലാം ഇവിടത്തെ കൊതിയൂറുന്ന കോണ്ടിനെന്റൽ ഭക്ഷണം ആസ്വദിക്കാ

രണ്ടു മുറികൾ ഒന്നിച്ചാക്കിയപ്പോൾ വിശാലമായ ഡൈനിങ് റൂം ലഭിച്ചു. ഫർണിച്ചറെല്ലാം പഴയതാണ്.

കിടപ്പുമുറി.

ഡോ. ബേബി ഐപ്പും കുടുംബവും

പഴമ നിലനിർത്തിക്കൊണ്ടുതന്നെ ആധുനിക സൗകര്യങ്ങൾ ഉൾപ്പെടുത്തി. മാറ്റങ്ങൾ തിരിച്ചറിയാത്തവിധം പഴയതിനോട് ഇണക്കിച്ചേർക്കുക എന്നത് ശ്രമകരമായിരുന്നു.

നീന കോര ജേക്കബ്, ആർക്കിടെക്ട്

നുള്ള അന്തരീക്ഷമൊരുക്കുന്നു. അത്യാവശ്യം പച്ചക്കറിക്കൃഷിയുമുണ്ടിവിടെ.

സൗരോർജത്തിലൂടെ 24 മണിക്കൂറും ചൂടുവെള്ളം ലഭ്യമാണ്. ഇൻഡോർ ഗെയിംസ്, സൈക്ലിങ്, ഷട്ടിൽ തുടങ്ങിയവയ്ക്കുള്ള സൗകര്യങ്ങളുണ്ട്. വിദേശീയർക്ക് റബർ ടാപ്പിങ് കാണാം, തേങ്ങ പറിക്കാം, നാട്ടിൻപുറത്തെ സ്കൂൾ സന്ദർശിക്കാം തുടങ്ങിയ ചില കൗതുകങ്ങളും കരുതിവച്ചിട്ടുണ്ട്. കോന്നി ആനവളർത്തൽ കേന്ദ്രം, പെരുന്തേനരുവി തുടങ്ങിയ വിനോദസഞ്ചാര കേന്ദ്രങ്ങൾ അടുത്താണ്. പ്രാതൽ ഉൾപ്പെടെ ചെറിയ മുറിക്ക് 4,000 രൂപ, മറ്റു മുറികൾക്ക് 5,000 രൂപ, ഹണിമൂൺ കോട്ടേജിനും ഒരു കിടപ്പുമുറിക്കും 6,000 രൂപയുമാണ് നിരക്ക്.

പച്ചപ്പിനു നടുവിലെ ഈ വിശ്രമകേന്ദ്രം ഒരിക്കൽ വന്നാൽ വീണ്ടും നിങ്ങളെ മാടിവിളിച്ചുകൊണ്ടേയിരിക്കും. ■

സുനിത നായർ

ചിത്രങ്ങൾ: ഹരികൃഷ്ണൻ